കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.13/19/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
തീയതി. 14-02-2020

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് ).

പ്രസിഡന്റ്,
(സെക്രട്ടറി മുഖേന)
കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് )

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
4)കാര്യാലയ പകർപ്പ്

എം.എ.3/2020

നം കെ.എസ്.എ.എം.പി.എം. 13/19/2020 തിയ്യതി:14-02-2020

## മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.10.2018 മുതൽ 17.11.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ആർ. അജിത്ത് ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 06.11.2019 മുതൽ 18.11.2019വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. പ്രസാദ് . പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ . പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. യൂസഫ് . പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. ഷമീല ടി.സി | 01.04.2018 മുതൽ<br>31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.രാജ്കുമാർ.ജി | 1.04.2018 മുതൽ 03.04.2018 വരെ |
| ശ്രീ.സുരേഷ് കുമാർ .വി.വി<br>(ഇൻ ചാർജ്) | 04.04.2018 മുതൽ 21.06.2018 FN വരെ |
| ശ്രീമതി.രഞ്ജു.ആർ(ഇൻ ചാർജ്) | 21.06.2018 AN മുതൽ 24.06.2018 വരെ |
| ശ്രീ.ബിജു ബേബി(ഇൻ ചാർജ്) | 25.06.2018 മുതൽ 26.06.2018 വരെ,<br>11.07.2018 മുതൽ 05.08.2018 വരെ,<br>25.09.2018 മുതൽ 02.10.2018 വരെ |
| ശ്രീ.വിജയ കുമാർ .എസ് | 27.06.2018 മുതൽ 10.07.2018 വരെ |
| ശ്രീമതി.ഫ്ലോസി ലാസ് എസ് | 06.08.2018 മുതൽ 24.09.2018 വരെ,<br>03.10.2018 മുതൽ 31.03.2019 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.മധുസൂദനൻനായർ | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 19.06.2018 വരെ |
| | ശ്രീമതി.മുനീറ ബീവി | 20.06.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സോമൻ.പി.വി | 01.04.2018 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സഫിയ. ടി | 01.04.2018 മുതൽ 31.3.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.പുരുഷോത്തമൻ. ആർ | 01.04.2018 മുതൽ 31.07.2018വരെ |
| | ശ്രീ.അബ്ദുൾ സലീം.വി | 01.08.2018 മുതൽ 15.08.2018 വരെ |
| | ശ്രീമതി.മുഹ്സിന .എംകെ | 16.08.2018 മുതൽ 18.03.2019 വരെ |
| | ശ്രീ.മൃദുൽ വിനോദ് .പി | 19.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.നിഷ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രസന്നകുമാരി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജലജ എം.പി | 01.04.2018 മുതൽ 12.02.2019 വരെ |
| | ഡോ.സാജു | 13.02.2019 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ശോഭന. എ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.സുരേഷ് കുമാർ.വി.വി | 01.04.2018 മുതൽ 21.06.2018 FN വരെ |
| | ശ്രീ.രഞ്ജു . ആർ | 21.06.2018 AN മുതൽ 24.06.2018 വരെ |
| | ശ്രീ.ബിജു ബേബി | 25.06.2018 മുതൽ 08.10.2018 വരെ |
| | ശ്രീമതി.ദീപ എം.ആർ | 09.10.2018 മുതൽ 23.10.2018 വരെ |
| | ശ്രീ.എൻ. നന്ദനൻ | 24.10.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അബ്ദുൾ മഹറൂഫ് | 01.04.2018 മുതൽ 06.04.2018 വരെ |
| | ശ്രീ.ജയചന്ദ്രൻ | 07.04.2018 മുതൽ 14.09.2018 വരെ |
| | ശ്രീമതി.ആശ .എം. | 15.09.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുഷ്,ആയുർവേദം) | ഡോ. നാദിയ ഉമ്മർ | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം | ഖണ്ഡിക നം. | വിഷയം |
|---|---|---|
| | | **ഭാഗം-1 പൊതു അവലോകനം** |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ |
| 13 | 1-13 | ചട്ട പ്രകാരം ആവശ്യമായ മഴവെള്ള സംഭരണിയില്ലാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു. |
| 14 | 1-14 | ഷോപ്പിങ് കോംപ്ലക്സ്, ബങ്കുൾ-വാടക സംബന്ധിച്ച അപാകതകൾ |
| 15 | 1-15 | തൊഴിൽ നികുതി-അപാകതകൾ |
| 16 | 1-16 | സേവന നികുതി ഒടുക്കുന്നതിലെ വീഴ്ച -തനത് ഫണ്ട് മരവിപ്പിച്ചിരിക്കുന്നു. |
| 17 | 1-17 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല |
| 18 | 1-18 | മരാമത്ത് പ്രവൃത്തികളിൽ മൂല്യ വർദ്ധിത നികുതി കുറവ് വരുത്തിയില്ല - അധികം നൽകിയത് 27691 രൂപ |
| 19 | 1-19 | ഫൈനൽ ബിൽ ക്രമ പ്രകാരം തയ്യാറാക്കിയില്ല അപാകത കാരണം കരാറുകാർക്ക് അധിക തുക നൽകി – നഷ്ടം 19033 രൂപ |
| 20 | 1-20 | സ്റ്റീൽ വർക്ക് പ്രവർത്തികൾക്ക് അധിക നിരക്ക് നൽകി |
| 21 | 1-21 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 33802 രൂപ |
| 22 | 1-22 | ഹൈ സ്പീഡ് സ്കാനർ സ്ഥാപിച്ചിട്ടില്ല. |
| 23 | 1-23 | PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു |
| 24 | 1-24 | പട്ടികജാതി വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ - പദ്ധതി അപാകത- അധികം നൽകിയത് 97850 രൂപ |
| 25 | 1-25 | ജി.എസ്.ടിയിൻമേൽ TDS ഈടാക്കിയിട്ടില്ല |
| 26 | 1-26 | പച്ചക്കറി വികസനം (വനിത)- കൂലിചെലവിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല |
| 27 | 1-27 | കറവ പശുക്കൾക്ക് കാലിത്തീറ്റ - പദ്ധതിയിലെ അപാകതകൾ സംബന്ധിച്ച് |
| 28 | 1-28 | ആട്ടുവളർത്തൽ പദ്ധതി അപാകതകൾ |

| | | |
|---|---|---|
| 29 | 1-29 | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ |
| 30 | 1-30 | ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പൂർണ്ണ നിരക്കിൽ സ്കോളർഷിപ്പ് നൽകിയില്ല |
| 31 | 1-31 | പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല |
| 32 | 1-32 | സേവന നികുതി ഒടുക്കുന്നതിലെ വീഴ്ച -തനത് ഫണ്ട് മരവിപ്പിച്ചിരിക്കുന്നു. |
| | | ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല |
| | | ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 33 | 3-1 | മരാമത്ത് പ്രവൃത്തികളിൽ മൂല്യ വർദ്ധിത നികുതി കുറവ് വരുത്തിയില്ല - അധികം നൽകിയത് 27691 രൂപ |
| 34 | 3-2 | ഫൈനൽ ബിൽ ക്രമ പ്രകാരം തയ്യാറാക്കിയില്ല അപാകത കാരണം കരാറുകാർക്ക് അധിക തുക നൽകി – നഷ്ടം 19033 രൂപ |
| 35 | 3-3 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 33802 രൂപ |
| 36 | 3-4 | പട്ടികജാതി വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ - പദ്ധതി അപാകത- അധികം നൽകിയത് 97850 രൂപ |
| | | ഭാഗം -IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 37 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 38 | 4-2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 39 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 40 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 41 | 4-5 | വായ്പ /വായ്പ തിരിച്ചടവ് |
| 42 | 4-6 | സ്ഥിര നിക്ഷേപം |
| 43 | 4-7 | ഓഡിറ്റ് റിക്കവറി |
| 44 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 45 | 4-9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. |
| 46 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 47 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 48 | Annexure-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 49 | Annexure-2 | Audited Abstract |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| 2018-19 ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 1/28.03.2018 | |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.05.2019 | | |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 14234273 |
| വരവ് | 123485988 |
| ആകെ | 137720261 |
| ചെലവ് | 106026149 |
| നീക്കിയിരിപ്പ് | 31694112 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23886177 | 23886177 | 21360940 | 2525237 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10793000 | 10793000 | 8001461 | 2791539 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1077000 | 1077000 | 640779 | 436221 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4994000 | 4994000 | 3267614 | 1726386 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11078000 | 11078000 | 9100323 | 1977677 |
| ബി ഫണ്ട് | 0 | 57169960 | 57169960 | 57169960 | 0 |
| സാക്ഷരത | 26630 | 944 | 27574 | 0 | 27574 |
| ശുചിത്വ മിഷൻ | 1650626 | 1067000 | 2717626 | 230000 | 2487626 |
| കുടുംബശ്രീ | 458829 | 16271 | 475100 | 0 | 475100 |
| ജല നിധി | 813228 | 21662466 | 22475694 | 430000 | 22045694 |
| വിമുക്തി | 26225 | 25000 | 51225 | 6470 | 44755 |
| ഗുണഭോക്തൃ വിഹിതം | 502589 | 1049520 | 1552109 | 989000 | 563109 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 2884 | 19385337 | 19388221 | 19376621 | 11600 |
| സർവ്വ ശിക്ഷ അഭിയാൻ | 74957 | 654 | 75611 | 0 | 75611 |
| എെ.സി.ഡി.എസ് | 3510639 | 1110500 | 4621139 | 936826 | 3684313 |
| ടോട്ടൽ സാനിറ്റേഷൻ | 1428509 | 50657 | 1479166 | 0 | 1479166 |

| | | | | | |
|---|---|---|---|---|---|
| പൈക്ക | 187925 | 6664 | 194589 | 0 | 194589 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 273 | 113578720 | 165 | 63767397 | - | 108 | 56% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2884 | 589766 | 592650 | 581050 | 11600 |
| സ്റ്റേറ്റ് ഷെയർ | 0 | 14000 | 14000 | 14000 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18207254 | 18207254 | 18207254 | 0 |
| ആകെ | 2884 | 18811020 | 18813904 | 18802304 | 11600 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 100560 | 70 |
| കർഷകതൊഴിലാളി പെൻഷൻ | 2673600 | 255 |
| വിധവ പെൻഷൻ | 20306400 | 1757 |
| വാർദ്ധക്യകാല പെൻഷൻ | 27525200 | 1845 |
| വികലാംഗപെൻഷൻ | 5697800 | 402 |
| വിവാഹധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിൽ അവിവാഹിത പെൻഷൻ | 776400 | 62 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.12.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 217804 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1. പഞ്ചായത്തിന്റെ വാടകക്ക് നൽകുന്ന കെട്ടിടങ്ങളിലെ വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല.
2. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.11.2019 | 09/2019 മുതൽ 10/2019 വരെ | 19.11.2019 |
| അകൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.12.2012 | 2007-08 മുതൽ 2011-12 വരെ | 10.12.2012 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.വികസന ഫണ്ട്- ജനറൽ ചെലവ് ACR പ്രകാരം 21360940 ആണ്. എന്നാൽ AFS പ്രകാരം ആയത് 21349640 ആണ്. ( വ്യത്യാസം 11300)

2.2018-19 വർഷത്തെ opening balance (40-a), മുൻവർഷത്തെ closing balance(40-b) ൽ നിന്നും താഴെ സൂചിപ്പിക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | 2017-18 CB | 2018-19 OB | വ്യത്യാസം |
|---|---|---|---|
| ക്യാഷ് | 1231555 | 176676 | 1054879 |
| ബാങ്ക് | 14351406 | 14057597 | 293809 |

3.വിവിധ അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകൾ monthly closing, quarterly/half yearly closing എന്നിവ നടത്തിയിട്ടില്ല. വർഷാവസാനം മാത്രമേ closing നടത്തി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുള്ളൂ. ബാങ്ക് ബുക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.വിവിധ അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രികകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.SSA അക്കൗണ്ടിലെ നീക്കിയിരിപ്പ് AFS പ്രകാരം 75611 ആണ്. പ്രസ്തുത പാസ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6.Rent receivable from Lease of land ഇനത്തിലെ തുകകൾ താഴെ സൂചിപ്പിക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| Arrear | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | കുറിപ്പ് |
|---|---|---|---|---|
| ഡിമാന്റ് രജി. പ്രകാരം | 448683 | 198687 | 249996 | - |
| AFS പ്രകാരം | 812397 | 189206 | 249996 | യഥാർത്ഥ ബാലൻസ് |

| | | | | |
|---|---|---|---|---|
| | (2017-18 AFS CB) | | | 623191 |

| Current | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | കുറിപ്പ് |
|---|---|---|---|---|
| ഡിമാന്റ് രജി. പ്രാകരം | 2224308 | 1942152 | 282156 | - |
| AFS പ്രകാരം | 2224308 | 1925947 | 282156 | യഥാർത്ഥ ബാലൻസ് 298361 |

7.ഡിമാന്റ് രജിസ്റ്റർ പ്രാകരമുള്ള Rent recievable from building (Arrear) ഡിമാന്റ് , ബാലൻസ് എന്നിവ AFS ൽ നിന്നും താഴെ സൂചിപ്പിക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ഡിമാന്റ് രജി. പ്രകാരം | 103696 | 60852 | 42844 |
| AFS പ്രകാരം | 70254 (2017-18 AFS CB) | 60852 | ഇല്ല (യഥാർത്ഥ ബാലൻസ് 9402) |

8.ഡിമാന്റ് രജിസ്റ്റർ പ്രകാരം, Comfort station Arrear ഡിമാന്റ് 137250 ആണ്. എന്നാൽ 2017-18 AFS പ്രകാരം പിരിഞ്ഞ് കിട്ടാനുള്ള തുക 138000 ആണ്.

9.ഡിമാന്റ് രജിസ്റ്റർ പ്രകാരം ബസ് സ്റ്റാന്റ് വരവ് കുടിശ്ശിക ഡിമാന്റ് 127825 ആണ്. എന്നാൽ 2017-18 AFS പ്രകാരം ഈ ഇനത്തിൽ കുടിശ്ശിക ഇല്ല. 2018-19 AFS പ്രകാരം 127825 രൂപ ബാലൻസ് ഉണ്ട്,

10.ഡി&ഒ ലൈസൻസ് ഫീ Advance collection 2019-20 ഡിമാന്റ് രജിസ്റ്റർ പ്രകാരം 214400 ആണ്. എന്നാൽ ആയത് AFS പ്രകാരം 215500 ആണ്.

11.തൊഴിൽ നികുതി (traders) Advance collection 2019-20 ആയി 386250 രൂപ AFSൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ പത്രികയിൽ ആയത് 421550 ആണ്.

12.Deposit Received ഇനങ്ങളുടെ (B-7) വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

13.Loans , Advance , Deposit എന്നിവയുടെ വിശദാംശങ്ങൾ (B-18) ലഭ്യമാക്കിയിട്ടില്ല.

14.2017-18 AFS (B-1) പ്രകാരം Excess of income over expenditure ക്ലോസിങ് ബാലൻസ് 16616320.40 ആണ്. എന്നാൽ 2018-19 AFSപ്രകാരം ഈ ഇനത്തിലെ മുന്നിരിപ്പ് 16813018.40 ആണ്. 2017-18 ൽ ജില്ലാ പഞ്ചായത്തിൽ നിന്ന് 100,000 രൂപ മാത്രമാണ് വരവ്. 2017-18 AFS (B-4) ൽ ഈ തുക ഇല്ല.

15.സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം, 220/19ാം നമ്പർ പ്രോജക്റ്റിനായി ജില്ലാ പഞ്ചായത്ത് 500,000 രൂപ വകയിരുത്തി 438527 രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ ഇത് AFS ൽ ഉൾപ്പെടുത്തിയിട്ടില്ല. 2017-18 ൽ ജില്ലാ പഞ്ചായത്തിൽ നിന്ന് 100,000 രൂപ മാത്രമാണ് വരവ്.

16.ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 61/19 നമ്പർ പദ്ധതിക്കായി 400000 രൂപ ലഭിച്ചതിൽ ചെലവ് 364600 രൂപയാണ്. 163/19 നമ്പർ പ്രൊജക്റ്റിനായി 250000 ലഭിച്ചതിൽ ചെലവ് 217000 രൂപയാണ്. ബാലൻസ് തുകകൾ ബന്ധപ്പെട്ട സ്ഥാപനത്തിന് തിരിച്ച് നൽകേണ്ടതാണ്.

17.ഡിമാന്റ് രജിസ്റ്റർ പ്രാകരമുള്ള വസ്തു നികുതി AFS ൽ നിന്നും താഴെ സൂചിപ്പിക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വസ്തു നികുതി – റസിഡൻഷ്യൽ (Arrear) | AFS പ്രകാരം | 1050151 | 744855 | 266111 |
| | രജിസ്റ്റർ പ്രകാരം | 998294 | 772628 | 253439 |
| വസ്തു നികുതി – റസിഡൻഷ്യൽ (Current) | AFS പ്രകാരം | | 2214943 | 318591 |
| | രജിസ്റ്റർ പ്രകാരം | | 2389228 | 303420 |
| വസ്തു നികുതി – നോൺ റസിഡൻഷ്യൽ (Arrear) | AFS പ്രകാരം | 417535 | 415966 | 107306 |
| | രജിസ്റ്റർ പ്രകാരം | 518162 | 432242 | 102196 |
| വസ്തു നികുതി – നോൺ റസിഡൻഷ്യൽ (Current) | AFS പ്രകാരം | | 1717878 | 101000 |
| | രജിസ്റ്റർ പ്രകാരം | | 1798627 | 96190 |

18.വെറ്റിനറി സർജൻ, ഹെഡ്മാസ്റ്റ് TR-7A ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

19.അസിസ്റ്റന്റ് എഞ്ചിനീയറുടെ രജിസ്റ്റർ പ്രകാരം sale of tender form ഇനത്തിൽ 233502 രൂപ വരവുണ്ട്. എന്നാൽ AFS പ്രകാരം ആയത് 259212 ആണ്. വ്യത്യാസം 25710

20.property tax – Advance collection വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

21.ബിൽഡിങ് പെർമിറ്റ് ഫീ രജിസ്റ്ററിൽ Abstract എഴുതിയിട്ടില്ല.

22.ബിൽഡിങ് റെഗുലറൈസേഷൻ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

23.B-12 ഷെഡ്യൂൾ പ്രകാരമുള്ള investment വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

24.ബാലൻസ് ഷീറ്റ് (B-4) പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് joint venture project ആയി ലഭിച്ച 1267000 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. 2017-18 AFS ലും ഈ തുക ഉൾപ്പെട്ടിട്ടുണ്ട്. തുക ബന്ധപ്പെട്ട സ്ഥാപനത്തിന് തിരികെ നൽകിയിട്ടില്ല.

25.ജലനിധി ഇനത്തിലെ വരവ് AFS പ്രകാരം 21662466 ആണ്. എന്നാൽ ബാങ്ക് പാസ്ബുക്ക് പ്രകാരം ആയത് 16397200 ആണ്.

26.താഴെ സൂചിപ്പിക്കുന്ന 3 മാസത്തിലധികമായി encash ചെയ്യാത്ത ചെക്കുകൾ Liability in respect of stale cheque എന്ന ഹെഡിലേക്ക് മാറ്റിയിട്ടില്ല.

| ക്രമ നം | ചെക്ക് നം | തിയ്യതി | തുക |
|---|---|---|---|
| | 399847 | 6.8.18 | 1900 |
| | 399900 | 11.9.18 | 2172 |
| | 159423 | 21.6.18 | 1500 |
| | | | |

| | | | |
|---|---|---|---|
| | 159369 | 19.5.18 | 1000 |

27. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം 320700405 ഹെഡിൽ 300,000രൂപ അവശേഷിക്കുന്നു. എന്നാൽ 2018-19 വർഷം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമായ ഈ തുകയിൽ നിന്ന് 250,000രൂപ 40/2019 പ്രോജക്റ്റിനായി ചെലവഴിച്ചിട്ടുണ്ട്.

28. ജോയിന്റ് വെൻചർ പ്രൊജക്റ്റിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായ തുകയിൽ നിന്ന് 203672 രൂപ 16/19 നമ്പർ പ്രൊജക്റ്റിനായി ചെലവഴിച്ചിട്ടുണ്ട് (വൗച്ചർ 21801110/22.3.2019). എന്നാൽ ബന്ധപ്പെട്ട ലെഡ്ജറിൽ ഈ ഇനത്തിൽ ബുക്ക് ചെയ്തത് 217000 രൂപയാണ്.

29. വാർഷിക ധനകാര്യ പത്രികയോടൊപ്പം കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം ഉൾപെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ, നോട്സ് ഓൺ അക്കൗണ്ട് എന്നിവ ഉൾപെടുത്തിയിട്ടില്ല.

30.ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ/ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

31. മുൻ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

## 1-12 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

1. ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന ഫീസ്, സ്ഥാപനത്തിന്റെ ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിന്നും ഭേദഗതി ചെയ്ത് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടുണ്ട്. മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തരം തിരിക്കാവുന്നതാണ്. എന്നാൽ രജിസ്റ്ററിലോ അനുബന്ധ രേഖകളിലോ സ്ഥാപനത്തിന്റെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ചതായി കാണുന്നില്ല.

2.ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്.

## 1-13 ചട്ട പ്രകാരം ആവശ്യമായ മഴവെള്ള സംഭരണിയില്ലാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു.

കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 102 പ്രകാരം ഒരു ടൗൺ പ്ലാനിംഗ് സ്കീമിൽ മറ്റു വിധത്തിൽ സ്പഷ്ടമായി

വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പക്ഷം പുതിയ കെട്ടിട നിർമ്മാണങ്ങളിൽ മഴവെള്ള സംവരണ സംവിധാനം സ്ഥാപിക്കേണ്ടതാണ്. വ്യവസ്ഥ ചെയ്തിട്ടുള്ള സംഭരണ ടാങ്കിന്റെ ഏറ്റവും ചുരുങ്ങിയ സംഭരണ ശേഷി താഴെ കാണിച്ചിട്ടുള്ള നിരക്കിൽ ആയിരിക്കേണ്ടതാണ്.

| കെട്ടിടത്തിന്റെ വിനിയോഗ തരം | ടാങ്കിന്റെ സംഭരണ ശേഷി |
|---|---|
| പാർപ്പിടം(ഗ്രൂപ്പ്-A1) | 25 ലിറ്റർ/ ച. മീറ്റർ(കവറേജ് വിസ്തീർണത്തിന് ) |
| വാണിജ്യപരം(ഗ്രൂപ്പ്-F) | 25 ലിറ്റർ/ ച. മീറ്റർ(കവറേജ് വിസ്തീർണത്തിന് ) |

ശ്രീ. ഫൈസൽ ,കോഴിക്കോടൻ (വീട് ) , പുതുപ്പറമ്പ് എന്നവർക്ക് അനുവദിച്ചിട്ടുള്ള പെർമിറ്റിൽ ( A6-BA-169078/18 ) കെട്ടിടത്തിന് ചട്ട പ്രകാരം ആവശ്യമായ മഴവെള്ള സംഭരണി കാണിച്ചിട്ടില്ല.

| കവറേജ് വിസ്തീർണം | പെർമിറ്റ് പ്രകാരം ടാങ്കിന്റെ സംഭരണ ശേഷി | ചട്ട പ്രകാരം ആവശ്യമായ സംഭരണ ശേഷി |
|---|---|---|
| 316.16 ച.മീറ്റർ | 6804 ലിറ്റർ | 7904 ലിറ്റർ (316.16*25) |

കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുമ്പോൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

# 1-14 ഷോപ്പിങ് കോംപ്ലക്സ്, ബങ്കുൾ-വാടക സംബന്ധിച്ച അപാകതകൾ

<u>ബൈലോ രൂപീകരിക്കേണ്ടതാണ്.</u>

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥസ്ഥതയിൽ ഉള്ള ഷോപ്പിങ് കോംപ്ലക്സ്, ബങ്കുൾ എന്നിവയുടെ വാടക സംബന്ധിച്ച് സർക്കാർ അംഗീകാരമുള്ള ബൈലോ നിലവിലില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാകുവാനുള്ള നടപടി ക്രമം ) ചട്ടങ്ങൾ എന്നിവ പ്രകാരം വാടകക്ക് നൽകുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച ബൈലോ രൂപീകരിക്കേണ്ടതാണ്.

<u>കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>

2018-19 വർഷത്തിൽ വാടക ഡി.സി.ബി രജിസ്റ്റർ പ്രകാരം താഴെ പറഞ്ഞിട്ടുള്ള തുകകൾ കുടിശ്ശികയുണ്ട്.

a). ബങ്കുകൾ

| കുടിശ്ശിക | |
|---|---|
| അരിയർ | കറന്റ് |
| 249996 | 282156 |

b). ഷോപ്പിംഗ് കോംപ്ലക്സ്.

| കുടിശ്ശിക | |
|---|---|
| അരിയർ | കറന്റ് |
| 42844 | 11688 |

വാടകയിനത്തിലുള്ള കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വാടക രജിസ്റ്ററിൽ ,വാടകക്ക് നൽകിയിട്ടുള്ള മുറികളുടെ കെട്ടിട നമ്പർ , മുറിയുടെ വാടക , എന്നീ വിവരങ്ങൾ നിർബന്ധമായും ചേർക്കേണ്ടതാണ്. കെട്ടിട നമ്പർ രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തതിനാൽ , ഈ മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നിയമാനുസൃതം ലൈസൻസ് നേടിയിട്ടുണ്ടോ, മുറികൾ മേൽവാടകക്ക് നൽകിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കാനാവതെ വരുന്നു. ആയതിനാൽ രജിസ്റ്ററിൽ മേൽ പറഞ്ഞ വിവരങ്ങൾ ചേർക്കേണ്ടതാണ്.

# 1-15 തൊഴിൽ നികുതി-അപാകതകൾ

1.2018-19 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | ഇന്ത്യൻ ഓയിൽ കുറ്റിപ്പുറം | 2 |
| 2. | വസന്ത ഗ്യാസ് ഏജൻസീസ് | 2 |
| 3. | പോപ്പുലർ മോട്ടോർ വേൾഡ് സർവ്വീസ് സെന്റെർ | 2 |
| 4. | കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്റ്റ് ഡിവിഷൻ (പി.ഡബ്ല്യൂ.ഡി) | 2 |
| 5. | കനറാ ബാങ്ക് , കുറ്റിപ്പുറം | 1 |
| 6. | കേരള സിവിൽ സപ്ലൈസ് കോർപറേഷൻ , കുറ്റിപ്പുറം | 2 |
| 7. | പി.എൻ. വൈ സഭ ഫിനാൻസ് ലിമിറ്റഡ് | 2 |

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

2018-19 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | റിലയൻസ് എസ്.എം.എസ്.എൽ | 2 |
| 2. | പഞ്ചാബ് നാഷണൽ ബാങ്ക്, കുറ്റിപ്പുറം | 1 & 2 |
| 3. | പി.എൻ. വൈ സഭ ഫിനാൻസ് ലിമിറ്റഡ് | 2 |
| 4. | കേരള സിവിൽ സപ്ലൈസ് കോർപറേഷൻ , കുറ്റിപ്പുറം | 1 & 2 |
| 5. | ഫെഡറൽ ബാങ്ക് | 1 |
| 6. | കനറാ ബാങ്ക് , കുറ്റിപ്പുറം | 1 |
| 7. | പോപ്പുലർ മോട്ടോർ വേൾഡ് | 1 & 2 |
| 8. | ഇമ്പിച്ചി ബാവ മെമ്മോറിയൽ റൂറൽ കോ-ഓപറേറ്റീവ് സൊസൈറ്റി | 1 & 2 |
| 9. | ചെമ്മണ്ണൂർ ക്രഡിറ്റ്സ് & ഇൻവസ്റ്റ്മെന്റ്സ് | 2 |
| 10. | ശ്രീ ഗോകുലം ചിറ്റ്സ് & ഫിനാൻസ് | 1 & 2 |
| 10. | കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് | 1 & 2 |
| 10. | മുത്തൂറ്റ് ഫിൻ കോർപ്പ് | 1 & 2 |

2018-19 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ജീവനക്കാരുടെ അർദ്ധ വർഷത്തിലെ വരുമാനത്തിന് അനുസൃതമായ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| പേര്(ഉദ്യോഗ പേര്) | അർദ്ധവർഷം | അർദ്ധ വർഷത്തിലെ വരുമാനം | അടവാക്കിയ തൊഴിൽ നികുതി | നികുതിയിൽ വന്ന കുറവ് |
|---|---|---|---|---|
| രഞ്ജിത്ത് പി.ആർ (സിവിൽ എക്സൈസ് ഓഫീസർ) | 1 | 140270 | 1000 | 250 |
| അജീബ് (സിവിൽ പോലീസ് ഓഫീസർ) | 2 | 169740 | 0 | 1250 |

# 1-16 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിന് ഗ്രാമപഞ്ചായത്ത് ഫലപ്രദമായ നടപടികൾ നാളിതുവരെയും സ്വീകരിച്ചിട്ടില്ല. ഗുണഭോക്തൃസമിതികൾക്ക് കൈമാറാത്തതുമൂലം തനത്ഫണ്ടിൽ നിന്നും വലിയ തുക വൈദ്യുതിചാർജ്ജിനത്തിലും പമ്പ് ഓപ്പറേറ്ററുടെ വേതനം നൽകുന്നതിനുമായി ചെലവഴിച്ച കാണുന്നു. പഞ്ചായത്ത് സമയബന്ധിതമായി നടപടി കൈകൊള്ളാത്തതിനാൽ മറ്റ് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കാവുന്ന പണം ഈയിനത്തിൽ ചെലവഴിക്കുന്ന അവസ്ഥ ഉണ്ടാവുന്നു. 30.05.2009ലെ സ.ഉ(എം.എസ്)1275/2009/ത.സ്വ.ഭ.വ ഉത്തരവിൽ കുടിവെള്ളപദ്ധതികൾ അറ്റകുറ്റപണികൾ തീർത്ത് പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശമുണ്ടെങ്കിലും ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ച് കാണുന്നില്ല. 2013-14 മുതൽ 2016-17വരെ വൈദ്യുതി ചാർജ്ജിനായി 65.85 ലക്ഷം രൂപയും പമ്പ് ഓപ്പറേറ്ററുടെ വേതനത്തിന് 38.36ലക്ഷം രൂപയും ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ 2016-17വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ: 3-4 ലും 2017-18 വർഷം ഈയിനത്തിൽ ചെലവഴിച്ച തുകയുടെ വിവരം [വൈദ്യുതി ചാർജ്ജ്-15,45,320+പമ്പ് ഓപ്പറേറ്ററുടെ വേതനം-9,86,260 (ആകെ:25,31,580)] 2017-18വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ: 3-24 ലും വിശദമാക്കിയിട്ടുണ്ട്.

ഉത്തരവിന് വിരുദ്ധമായി ചെലവഴിക്കുന്നത് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ നാളിതുവരെ നടപടികളൊന്നും എടുത്തിട്ടില്ല.

സർക്കാർ ഉത്തരവുകൾ പാലിച്ച് കൊണ്ട് കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിക്ക് കൈമാറുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതിനാൽ തൻവർഷം വൈദ്യുതി ചാർജ്ജ് 9,96155 രൂപയും പമ്പ് ഓപ്പറേറ്ററുടെ വേതനം 7,87,250 രൂപയും ആകെ 17,83,405രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കുകയോ ഗ്രാമപഞ്ചായത്തിലെ പ്രത്യേക സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി അനുമതി വാങ്ങുകയോ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-17 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ്

വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 225665 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജ് എല്ലാ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (AUDIT ENQUIRY No.11 /16.12.19). ഭാവിയിൽ കളക്ഷൻ ചാർജ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-18 മരാമത്ത് പ്രവൃത്തികളിൽ മൂല്യ വർദ്ധിത നികുതി കുറവ് വരുത്തിയില്ല - അധികം നൽകിയത് 27691 രൂപ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി വഴിയാണ് നിർവഹിച്ചിട്ടുള്ളത്. DSR സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കിയിട്ടുള്ള ഈ പ്രൊജക്ടുകളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന പ്രവൃത്തികളുടെ യൂണിറ്റ് നിരക്കുകളിൽ 7.5% ഓവർ ഹെഡ് ഉൾപ്പെടുന്നുണ്ട് . വാറ്റ് ഉൾപ്പെടെയുള്ള നികുതികൾ അടവാക്കുന്നതിനാണ് ഈ തുക വകയിരുത്തുന്നത്. പ്രവൃത്തികളുടെ ഫൈനൽ ബിൽ അനുവദിച്ചപ്പോൾ ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ മാത്രം കുറച്ചാണ് കൺവീനർക്ക് തുക അനുവദിച്ചത്. മൂല്യ വർദ്ധിത നികുതി കുറക്കാതെ തുക നൽകിയതിനാൽ പ്രവൃത്തികളിൽ 24309 രൂപ കൺവീനർമാർക്ക് അധികം നൽകിയിട്ടുണ്ട്.

1. പ്രൊജക്ട് നം : 174/19

പേര് - GLPS കഴുത്തല്ലൂർ അറ്റകുറ്റപണി

2. പ്രൊജക്ട് നം : 16/19

പേര് - കരിമ്പനപീടിക അംഗനവാടി കോമ്പൗണ്ട് വാൾ നിർമ്മാണം

3. പ്രൊജക്ട്-224/19

പേര്-പൂന്തറ ചെമ്പിക്കൽ പാത്ത് വേ നവീകരണം

അപാകതയുടെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ട് ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-19 ഫൈനൽ ബിൽ ക്രമ പ്രകാരം തയ്യാറാക്കിയില്ല- അപാകത കാരണം കരാറുകാർക്ക് അധിക തുക നൽകി – നഷ്ടം 19033 രൂപ

താഴെ പറയുന്ന പ്രവൃത്തികളിൽ ഫൈനൽ ബിൽ തയ്യാറാക്കിയതിലെ അപാകത കാരണം കരാറുകാർക്ക് അധിക തുക നൽകിയിട്ടുണ്ട്.

1.<u>അത്താണിക്കൽ അംഗനവാടി കെട്ടിട നിർമ്മാണം</u>

പ്രോജക്റ്റ് നം - 220/19

അധികമായി കരാറുകാരന് അനുവദിച്ചത് - 13152 രൂപ

<u>2.TK.അഹമ്മദ് മെമ്മോറിയൽ റോഡ് ടാറിംഗ്</u>

പ്രോജക്റ്റ് നം - 216/19

അധികമായി കരാറുകാരന് അനുവദിച്ചത് - 6060 രൂപ

കൂടാതെ കേന്ദ്ര സർക്കാരിന്റെ 14.9.18 ലെ 65/39/2018-DOR നം സർക്കുലർ പ്രകാരം മരാമത്ത് പ്രവൃത്തികളിൽ 1.10.2018 മുതൽ കരാറുകാർക്ക് അനുവദിക്കുന്ന 2.5 ലക്ഷത്തിൽ അധികരിക്കുന്ന പേമെന്റുകളിൽ നിന്നും ജി.എസ്.ടിയിന്മേൽ 2% TDSഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തിയിൽ (ക്രമ നം. 2) പേമെന്റ് നടത്തിയിട്ടുള്ളത് 1.10.18 ന് ശേഷമാണെങ്കിലും 2% TDSഈടാക്കിയിട്ടില്ല.

അപാകതയുടെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ട് ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-20 സ്റ്റീൽ വർക്ക് പ്രവർത്തികൾക്ക് അധിക നിരക്ക് നൽകി

താഴെ പറയുന്ന പ്രവൃത്തികളിലെ കെട്ടിടങ്ങൾക്ക് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപ്പെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 123.87/കി.ഗ്രാം നിരക്കാണ് അനുവദിച്ചിട്ടുള്ളത്. (DSR10.16.1)എന്നാൽ ഈ പ്രവൃത്തികളിൽ ചെയ്ത് പർലിൻ പ്രവൃത്തികൾ സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ ട്രസ്സ് വർക്ക് ചെയ്യുന്നതിന്റെ നിരക്ക് അനുവദിക്കാവുന്നതല്ല. വിശദ വിവരം ചുവടെ:

| പ്രവൃത്തി | ഇനം | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| കണ്ണപ്പറമ്പ് അംഗനവാടി റിപ്പയർ<br>പ്രൊജക്റ്റ് നം.-131/19<br>എം.ബുക്ക്-61/18-19<br>കരാർ-53/10.12.18<br>(Estimate rate)<br>മൂല്യനിർണ്ണയം 152101<br>ബിൽ-85/18.3.19<br>കരാറുകാരൻ-പി.മുഹമ്മദ് ബഷീർ<br>Cost index-37.25%<br>(DSR 2016)<br>TS-160000 | 2 | 362kgx123.87/kg<br>= 44841 | പ്രവൃത്തിയിൽ 106കി.ഗ്രാം വരുന്ന പർലിൻ/സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് 123.87/കി.ഗ്രാം പ്രകാരമുള്ള ട്രസ്സ് വർക്കിന്റെ നിരക്ക് അനുവദിച്ചു. |
| പ്രൊജക്റ്റ് നം.-168/19<br>എം.ബുക്ക്-51/17-18<br>കരാർ-38/26.12.17<br>(Estimate rate)<br>മൂല്യ നിർണ്ണയം-141372<br>ബിൽ-25/24.9.18<br>കരാറുകാരൻ-എൻ.മുഹമ്മദ്കുട്ടി<br>Cost index-37.25%<br>(DSR 2016)<br>TS-175000<br>Est. No-2018/126694 | 2<br>3 | 573.27kgx123.87/kg<br>= 71011<br>119.52kgx123.87/kg<br>=14804.94 | <u>കെട്ടിടത്തിന് മുകളിൽ മേൽക്കൂര</u><br>പ്രവൃത്തിയിൽ 309.82/കി.ഗ്രാം വരുന്ന പർലിൻ/സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് 123.87/കി.ഗ്രാം പ്രകാരമുള്ള-ട്രസ്സ് വർക്കിന്റെ നിരക്ക് അനുവദിച്ചു.<br><u>കെട്ടിടത്തിന് മുകളിൽ മേൽക്കൂര</u><br>പ്രവൃത്തിയിൽ 119.52/കി.ഗ്രാം വരുന്ന പർലിൻ/സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് 123.87/കി.ഗ്രാം പ്രകാരമുള്ള-ട്രസ്സ് വർക്കിന്റെ നിരക്ക് അനുവദിച്ചു. |

പ്രവൃത്തികളിൽ കരാറുകാർക്ക് നൽകിയ അധികം തുക കണക്കാക്കി തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (AUDIT ENQUIRY NO.7/16.12.19)

## 1-21 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 33802 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ 25% വരെയുള്ള ദിവസത്തിന് 1% നിരക്കിലും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്. താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരം പിഴ ഈയാക്കാത്തതിനാൽ നഷ്ടം വന്നു.

1.വിവിധ സ്കൂളുകളിൽ ഷീ ടോയ്ലറ്റ് നിർമ്മാണം (205/19)
2.ചെല്ലൂർ GLPS ടോയ്ലറ്റ് നിർമ്മാണം (208/19)
3.GLPS നടുവട്ടം അറ്റകുറ്റപണി (202/19)

പ്രവൃത്തിയിൽ കരാറുകാർക്ക് അധികം നൽകിയത് 33802 രൂപ.

അപാകതയുടെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ട് ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-22 ഹൈ സ്പീഡ് സ്കാനർ സ്ഥാപിച്ചിട്ടില്ല.

പ്രൊജക്ട് : SO 010/19 , കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് ഹൈ സ്പീഡ് സ്കാനർ വാങ്ങൽ

ബിൽ നം.: 39/27.02.19 തുക : 1,71,600/- (വികസന ഫണ്ട് (ജനറൽ)

ഗ്രാമപഞ്ചായത്ത് ഓഫീസ് പേപ്പർലെസ്സ് കാര്യാലയമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ &മോർ എടപ്പാളിൽ നിന്നും 1,71,600/- രൂപ വിലയുള്ള Canon- D.RM 1060 മോഡൽ ഹൈ സ്പീഡ് സ്കാനർ വാങ്ങി 19.2.2019ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്.വിതരണക്കാരനുമായി ചമച്ച കരാർ പ്രകാരം 3 വർഷമാണ് വാറന്റിയുള്ളത്.എന്നാൽ സ്റ്റോക്കിലെടുത്ത് 10മാസമായിട്ടും പ്രസ്തുത സ്കാനർ ഇൻസ്റ്റാൾ ചെയ്തിട്ടില്ല. ഇലക്ട്രോണിക്ക് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാതെ സൂക്ഷിക്കുന്നത് ആയതിന്റെ പ്രവർത്തനക്ഷമതക്ക് ന്യൂനം വരുത്താനും വാറന്റികവറേജിൽ നഷ്ടം വരുത്താനും ഇടയാക്കുന്നു.

വികസന ഫണ്ട് വിനിയോഗിച്ച് വാങ്ങി സ്റ്റോക്കിലെടുത്ത വില കൂടിയ സ്കാനർ നാളിതുവരെയും ഇൻസ്റ്റാൾ ചെയ്യാത്തത് ഉചിതമല്ല.സ്കാനർ ഇൻസ്റ്റാൾ ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-23 PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

2018-19 വർഷത്തിൽ നിർവഹിച്ച് റോഡ് ടാറിംഗ് പ്രവൃത്തികളുടെ എസ്ററിമേറ്റുകളിൽ ഉൾപ്പെടുത്തിയ ഇനങ്ങളുടെ ഡാറ്റയിൽ 10% OH ഉം 10% CP യും ഉൾപ്പെടുന്നുണ്ട്. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ.ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

കൂടാതെ PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും,CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ,മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ.എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്.ആയത് അർഹതപ്പെടുത്തി

അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. (AUDIT ENQUIRY No.12 /16.12.19)

## 1-24 പട്ടികജാതി വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ - പദ്ധതി അപാകത- അധികം നൽകിയത് 97850 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

പട്ടികജാതി വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ എന്ന പദ്ധതിപ്രകാരം 103 പട്ടികജാതി വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകത കാരണം ഗ്രാമ പഞ്ചായത്ത് ഫണ്ടിന് 97850 രൂപയുടെ നഷ്ടം വന്നു.

| പ്രോജക്റ്റ് | പ്രവൃത്തി | തുക | ബിൽ | സ്ഥാപനം |
|---|---|---|---|---|
| SO025/19 | പട്ടികജാതി വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ | 405717 | 144/21.12.18 (196950) 416/29.1.19 (208767) | Hi Look Furniture, Kuttipuram |

കട്ടിലിന് വേണ്ടി ടെണ്ടർ നോട്ടീസിൽ സ്പെസിഫിക്കേഷൻ കാണിച്ചത് പ്രകാരമുള്ള കട്ടിൽ വാങ്ങുന്നതിനു പകരം Mahagony കൊണ്ടുള്ള 3939 രൂപയുടെ (ബോഡി മരപ്പലക അടിച്ചത്) വില കൂടിയ കട്ടിലാണ് വാങ്ങിയിട്ടുള്ളത്. ടെണ്ടർ നോട്ടീസ് സ്പെസിഫിക്കേഷനിൽ കാണിച്ചത് പ്രകാരമുള്ള കട്ടിൽ FIDCO, Kozhikode, Rajadhani Agency, Plakkad, Dream Home Furniture, Balussery, HI Look Furniture, Kuttipuram, Monger Box Trade Pvt.Ltd, Eranakulam എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കെ ഇവയിലെ കുറവുള്ള നിരക്ക് അംഗീകരിക്കാതെ കൂടിയതും ടെണ്ടർ നോട്ടീസ് പ്രാകാരമല്ലാത്തതുമായ നിരക്ക് അംഗീകരിച്ചതിന് കാരണം വ്യക്തമാല്ല. പ്രൊക്യുർമെന്റ് കമ്മിറ്റി മിനുട്സിൽ ഈ പർച്ചേസിംഗ് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല ( Page 1 to 9). ടെണ്ടർ കണ്ടീഷൻ വ്യതിചലിച്ച് കൊണ്ടാണ് പർച്ചേസിംഗ് നടത്തിയിട്ടുള്ളത്. അതുകൊണ്ട് തന്നെ ടെണ്ടർ നടപടികളിൽ പാളിച്ച വന്നു.

ടെണ്ടർ നോട്ടീസ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ കുറവ് കാണിച്ചത് 2989 രൂപയാണ് (HI Look Furniture, Kuttipuram). ഈ നിരക്ക് പ്രകാരം കട്ടിലിന് അനുവദിക്കാവുന്ന തുക

2989 x 103 = 307867

അനുവദിച്ചത് – 405717

അധികം – 97850

CGST Act 2017 Section 31 പ്രകാരം Tax Invoice (Bill) ൽ SGST,CGST എന്നിവ പ്രത്യേകം കാണിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള Online Bill, HI Look Furniture, Kuttipuram എന്ന സ്ഥാപനം സമർപ്പിച്ചിട്ടില്ല. മാന്വൽ ആയി എഴുതി തയ്യാറാക്കിയ ബിൽ ആണ് സമർപ്പിച്ചിട്ടുള്ളത്.
പദ്ധതി അപാകതയുടെ വിശദ വിവരങ്ങൾ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-25 ജി.എസ്.ടിയിൻമേൽ TDS ഈടാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

കേന്ദ്ര സർക്കാറിന്റെ 14.9.18 ലെ 65/39/2018-DOR നം സർക്കുലർ പ്രകാരം മരാമത്ത് പ്രവൃത്തികളിൽ 1.10.2018 മുതൽ സപ്ലൈയർമാർക്ക് / കരാറുകാർക്ക് അനുവദിക്കുന്ന 2,50,000 രൂപക്ക് മേലുള്ള പേമെന്റുകളിൽ നിന്നും 2%GST, TDS ഈടാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പദ്ധതികളിൽ നടത്തിയ പേമെന്റുകളിൽ നിന്നും 2% ,TDSഈടാക്കിയിട്ടില്ല. 2% GST,TDSഈടാക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

| പ്രോജക്ക് | പ്രവൃത്തി | തുക | ബിൽ | TDS കുറവ് ചെയ്യേണ്ടത് | സ്ഥാപനം |
|---|---|---|---|---|---|
| SO005/19 | SC വിദ്യാർത്ഥികൾക്ക് സ്റ്റഡി മെറ്റീരിയൽ | 270000 | 143/21.12.18 (150000)<br>673/29.1.19 (120000) | 5400 | Hi Look Furniture, Kuttipuram |
| SO004/19 | പട്ടികജാതി കുടുംബങ്ങൾക്ക് PVC Water Tank വാങ്ങി നൽകൽ | 266960 | 142/21.12.18 (184600)<br>672/29.1.19 (82360) | 5339 | BS GST Agency, Kuttipuram |
| SO025/19 | പട്ടികജാതി വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ | 405717 | 144/21.12.18 (196950)<br>416/29.1.19 (208767) | 8114 | Hi Look Furniture, Kuttipuram |

17/18.12.19 നമ്പർ ആയി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പച്ചക്കറി വികസനം (വനിത)- കൂലിചെലവിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല

പച്ചക്കറി വികസനത്തിനായി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പൂർത്തീകരിച്ച പദ്ധതിയാണിത്. പ്രോജക്ട് നം. 33 പ്രകാരം 49300/-രൂപ (ട്രഷറി ബിൽ നം. പ്ലാൻ 17/18-19) 21.03.19 ന് പിൻവലിച്ച് 12 ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്. മേൽ പദ്ധതിയ്ക്ക് നൽകിയ കൂലി ചെലവിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ 49300/-രൂപ തടസ്സപ്പെടുത്തുന്നു.Audit Enquiry-19 തിയ്യതി 18.12.2019ന് മറുപടി ലഭിച്ചിട്ടില്ല.

## 1-27 കറവ പശുക്കൾക്ക് കാലിത്തീറ്റ - പദ്ധതിയിലെ അപാകതകൾ സംബന്ധിച്ച്

കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള ക്ഷീര കർഷകർക്ക് കറവയുള്ള പശുക്കൾക്ക് കാലിത്തീറ്റ പകുതി വിലയ്ക്ക് ലഭ്യമാക്കുക, പാലുല്പാദനത്തിന് ചെലവ് കുറയ്ക്കുക, പശുവളർത്തൽ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. കാലിത്തീറ്റയ്ക്ക് 50% സബ്സിഡി നല്കാനം പ്രോജക്ട് വിഭാവനം ചെയ്യുന്നു. മേൽ പദ്ധതി പരിശോധനയിൽ താഴെക്കാണുന്ന അപാകത കാണുന്നു.

| | |
|---|---|
| പ്രോജക്ട് നം, | 65 |
| പേര് | കന്നുകാലികൾക്ക് കാലിത്തീറ്റ |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ആകെ അടങ്കൽ | 1000000 |
| ചെലവഴിച്ച തുക | 714500<br>വികസന ഫണ്ട് 305500<br>(Tr.Bill.No.P3/18-19/21.12.18 - 101000<br>(Tr.Bill.No.P4/18-19/29.12.18 - 101000 |

| | |
|---|---|
| | (Tr.Bill.No.P7/18-19/11.02.19 - 103500<br><br>ഗുണഭോക്തൃവിഹിതം 409000 |

കേരള ഫീഡ്സിന്റെ തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുകര കാലിത്തീറ്റ ഫാക്ടറിൽ നിന്നാണ് കാലിത്തീറ്റ വാങ്ങിയിരിക്കുന്നത്. ഫയലിൽ ലഭ്യമായ രേഖകൾ പ്രകാരം കാലിത്തീറ്റ ലഭ്യമായതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം.&തിയ്യതി | ബാഗ് | അളവ് (തൂക്കം) | ഗുണഭോക്തൃ വിഹിതം | സബ്സിഡി കുറച്ച തുക | ആകെ തുക |
|---|---|---|---|---|---|---|
| 01 | KFLP1-IB-19-037283 dated 29.11.18 | 200 | 10 metric ton | 101000 | 101000 | 202000 |
| 02 | KFLP1-IB-19-041399 dated 24.12.18 | 200 | 10 metric ton | 101000 | 101000 | 202000 |
| 03 | KFLP1-I8-19-0413951 dated 11.09.19 | 200 | 10 metric ton | 103500 | 103500 | 207000/- |
| ആകെ | | | | 305500 | 305500 | 611000 |

മൊത്തം 611000/-രൂപയുടെ കാലിത്തീറ്റയാണ് കേരള ഫീഡ്സിൽ നിന്നും വാങ്ങിയത് . വികസന ഫണ്ടിൽ നിന്നും ചെലവായ 305500/-രൂപ കാലിത്തീറ്റ വാങ്ങാൻ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമായി ചെലവു പത്രിക പ്രകാരം ലഭിച്ച 409000/-രൂപയിൽ 305500/-യും കാലിത്തീറ്റ വാങ്ങാൻ വിനിയോഗിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമായി ലഭിച്ച 409000/-രൂപയിൽ അവശേഷിക്കുന്ന തുകയായ 103500/-രൂപ ചെലവഴിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടച്ചതിന്റെ രശീതി ഫയലിൽ ലഭ്യമല്ല. ഗുണഭോക്തൃ വിഹിതം പിരിച്ച തുകയുടെ രശീതി നമ്പറും, തുകയും, അവ പഞ്ചായത്തിൽ അടവാക്കിയതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ 103500 രൂപ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നം. 14 തിയ്യതി 18.12.19 ന് മറുപടി ലഭിച്ചിട്ടില്ല)

# 1-28 ആടുവളർത്തൽ പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, | 172/19 |
| പ്രോജക്ടിന്റെ പേര് | ആടുവളർത്തൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ആകെ അടങ്കൽ | 550000 |
| ചെലവഴിച്ച തുക | 300000<br><br>വികസന ഫണ്ട് 90000<br><br>(Tr.Bill.No.P1/18-19/25.05.18 )<br><br>ഗുണഭോക്തൃവിഹിതം 210000 |

ഒരു സ്പിൽ ഓവർ പ്രോജക്ടായ ആട്ടു വളർത്തൽ എന്ന പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷം വികസന ഫണ്ട് 460000/-രൂപയും, ഗുണഭോക്തൃ വിഹിതമായി 460000/-രൂപയും വകയിരുത്തിയിരുന്നു. ഇതിൽ 370000/-രൂപ 2017-18 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് ഇനത്തിൽ ചെലവഴിച്ചു. അവശേഷിക്കുന്ന 90000/-രൂപ സ്പിൽ ഓവറായി 2018-19 സാമ്പത്തിക വർഷം ഗുണഭോക്താകൾക്ക് ആടുകൾ വിതരണം ചെയ്ത വകയിൽ താഴെ പറയുന്ന വ്യക്തികൾക്ക് നൽകിയിട്ടുണ്ട്. .

| പേര് | നൽകിയ തുക |
|---|---|
| റുക്കിയ | 10000 |
| തങ്കമണി | 10000 |
| ഹമീദ് | 10000 |

| | |
|---|---|
| ദിനേശൻ | 10000 |
| ഫാത്തിമത്തുൽ മിസ്രിയ | 10000 |
| മുഹമ്മദ്.വി | 10000 |
| ദിവ്യ | 20000 |
| രാജേഷ് | 10000 |

പ്രോജക്ട് പ്രകാരം 2017-18 സാമ്പത്തിക വർഷം ഗുണഭോക്തൃ വിഹിതമായി ലഭിച്ച 460000/- രൂപയിൽ നിന്ന് ചെലവ് നടത്തിയിട്ടില്ല. ഈ 460000/-രൂപയിൽ തൻവർഷം (18-19) 210000/-രൂപ ചെലവഴിച്ചതായാണ് ചെലവ് പത്രികയിൽ കാണുന്നത്. പ്രസ്തുത ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 210000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഗുണഭോക്തൃവിഹിതമായ 460000/- 13804നം രസീത് ബുക്ക് പ്രകാരം പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടച്ചതിന്റെ രശീതി ഫയലിൽ ലഭ്യമല്ല. ഈ ഗുണഭോക്തൃവിഹിതത്തിൽ 210000/-ചെലവഴിച്ചതിൽ ബാക്കി വരുന്ന 250000/-രൂപ രൂപയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി നം. 15 തിയ്യതി 18.12.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

# 1-29 മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

1-1. മുഴുവൻ തുകയുടേയും മരുന്നുകൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം, | 26/19 |
| പേര് | പാലിയേറ്റീവ് കെയർ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സർജൻ |
| ആകെ അടങ്കൽ | 800000 |
| ചെലവഴിച്ച തുക | 710641<br>വികസന ഫണ്ട് 346041<br>ബ്ലോക്ക് വിഹിതം 364600 |

മേൽ പ്രോജക്ടിൽ മരുന്ന വാങ്ങുന്നതിനായി താലൂക്ക് ആശുപത്രിയ്ക്ക് ചെക്ക് നം. 2487654 തിയ്യതി 06.03.19 പ്രകാരം 181700/- രൂപ KMSCLയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ 08.07.19 വരെ 166563/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. അവശേഷിക്കുന്ന 15137/-രൂപയുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-30 ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പൂർണ്ണ നിരക്കിൽ സ്കോളർഷിപ്പ് നൽകിയില്ല

പ്രോജക്ട് നം.: SO 040/19,ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക്

സ്കോളർഷിപ്പ് നൽകൽ

ബിൽ നം. : 13/18-19 തീയതി: 21.12.2018 : തുക: 5,12,136/- വികസന ഫണ്ട്.

ബിൽ നം. : 18/18-19 തീയതി: 22.02.2019 : തുക: 2,37,864/- വികസന ഫണ്ട്.

ചെക്ക് നം.: JC.No.5517452തീയതി: 1103.2019 : തുക: 2,50,000/- ജി.പഞ്ച.വിഹിതം

ആകെ : 10,00,000/-

നിർവ്വഹണം: ഐ.സി.ഡി.എസ്.സൂപ്പർവൈസർ

29.01.2018ലെ ജി.ഒ.(എം.എസ്)11/2018/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 5.2.1(4)പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. സബ്സിഡി മാർഗ്ഗരേഖ (14.02.2018ലെ സ.ഉ.(എം.എസ്) നം.22/2018/ ത.സ്വ.ഭ.വ ഖണ്ഡിക നമ്പർ 7.1.6 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാന്റേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത(പ്രതിമാസ സ്കോളർഷിപ്പിനു പുറമെ) |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 1000 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷനൽ പരിശീലനം | 1000 | 1500 | 1500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | ഇനം | സ്കോളർഷിപ്പ്/ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 1500 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | 2000 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 1000 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1000 |

ഡേ സ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 27,500 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 28,500രൂപയ്ക്കും അർഹതയുണ്ട്.

ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്. സർക്കാർ ഉത്തരവിലൂടെ നൽകാൻ നിർദ്ദേശിച്ച നിരക്കിൽ നിന്നും കുറവാണ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം വിതരണം ചെയ്ത സ്കോളർഷിപ്പ് തുക.

1.ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 1-4/ നഴ്സറി ക്ലാസ്സ് | 06 | [(400x12)+500]x06 = 31,800 | [4,800x06]= 28,800 | 3,000 | ചലന വൈകല്യമുള്ളവർക്കുള്ള യാത്രാ ബത്ത പരിഗണിച്ചിട്ടില്ല |
| 5-8 | 07 | [(500x12)+600]x07 = 46,200 | [6000x07]= 42,000 | 4,200 | |
| 9,10,+1, +2 | 07 | [(600x12)+800]x07 =56,000 | [7,200x07]=50,400 | 5,600 | |
| ബിരുദം | 03 | [(1000x12)+1250]x03=39,750 | [9,600x03]= 28,800 | 10,950 | |
| ആകെ | 23 | 1,73,750 | 1,50,000 | 23,750 | |

2.മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| 54 | (27,500x54) = 14,85,000 | 8,50,000 | 6,35,000 | ഉല്ലാസ യാത്ര / പഠന യാത്രാ ബത്ത പരിഗണിച്ചിട്ടില്ല |

സർക്കാർ ഉത്തരവനുസരിച്ച നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ ശാരീരിക , മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആകെ (23,750+6,35,000)=6,58,750 രൂപയുടെ സ്കോളർഷിപ്പ്, ബത്ത എന്നിവ നഷ്ടപ്പെട്ടിട്ടുണ്ട്. 5വിദ്യാർത്ഥികൾക്ക് 10,000 രൂപ വീതവും ഒരു വിദ്യാർത്ഥിക്ക് 800 രൂപയും യാത്രാബത്ത നൽകിയിട്ടുണ്ടെങ്കിലും മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളിൽ മറ്റുള്ളവർക്ക് യാത്രാബത്ത (10000/-)നൽകിയിട്ടില്ല.വസ്ത്രങ്ങൾക്കുള്ള ബത്തയിനത്തിലും ഏതാനും വിദ്യാർത്ഥികൾക്ക് പൂർണ്ണതുക (2,000/-) നൽകിയിട്ടില്ല.

ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ നിർദ്ദേശിച്ച നിരക്ക് പ്രകാരം സ്കോളർഷിപ്പ് തുക പൂർണ്ണമായി വിതരണം ചെയ്യാതിരുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ പൂർണ്ണ തുക നൽകുന്നതിൽ വീഴ്ച വരുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-31 പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല

പേ റിവിഷൻ അരിയർ, റേഷ്യോ പ്രൊമോഷൻ അരിയർ എന്നിവ അനുവദിച്ച താഴെ പറയുന്നവയ്ക്ക് ബാധകമായ പെൻഷൻ അംശദാനം അടവാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്ര.നം. | ചെക്ക് നം./ തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 6708741/ 15.05.18 | 1,93,300-00 | പേ റിവിഷൻ അരിയർ (സ്റ്റാഫ്) |
| 2 | 159339/ 04.5.18 | 9,692-00 | പേ റിവിഷൻ അരിയർ- കാർത്യായനി (FTS) |
| 3 | 159403/07.6.18 | 34,071- | പേ റിവിഷൻ അരിയർ-ജോൺ മേരി |

| | | | |
|---|---|---|---|
| | | 00 | (സീ.ക്ലർക്ക്),ടി.വാസു (FTS) |
| 4 | 1698694/ 10.10.18 | 22,715-00 | ഷാജു വർഗീസ് (സെക്രട്ടറി) |
| 5 | 743598/03.11.18 | 21,912-00 | ഷാജു വർഗീസ് (സെക്രട്ടറി) |
| 6 | 975225/22.02.19 | 33,191-00 | റേഷ്യോ പ്രൊമോഷൻ അരിയർ - സെക്രട്ടറി |

ബാധകമായ അംശദാനം അടവാക്കാത്ത പക്ഷം ആയത് ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-32 സേവന നികുതി ഒടുക്കുന്നതിലെ വീഴ്ച -തനത് ഫണ്ട് മരവിപ്പിച്ചിരിക്കുന്നു.

വാടക വരുമാനത്തിന് ബാധകമായ സേവന നികുതി വർഷങ്ങളായി ഒടുക്കിയിട്ടില്ലെന്നും ആയതിനാൽ സേവന നികുതിയും പിഴപ്പലിശയുമായി 32,54,312രൂപ [24,10,847/-(24.01.2019ലെ C.No.V/4/16/49/2016-ARR/33നം.നോട്ടീസ്+843465/- (18.04.2019ലെ C.No.IV/16/30/2018-Tech/632-ARR/33നം.നോട്ടീസ്)] ഒടുക്കുന്നതിന് സെൻട്രൽ ടാക്സ് &സെൻട്രൽ എക്സൈസ് മലപ്പുറം ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർ ഗ്രാമ പഞ്ചായത്തിന് നോട്ടീസ് നൽകുകയും പ്രസ്തുത കാര്യാലയത്തിന്റെ ഓർഡർ (04.01.2019ലെ C.No.V/4/49/16-ARR/33നം.കത്ത്)പ്രകാരം എസ്.ബി.ഐ.കുറ്റിപ്പുറം ശാഖയിലെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട് (നം.57052740347) മരവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതു സംബന്ധിച്ച WP(c) No 2542/19(P) പെറ്റീഷനിലെ ഇടക്കാല ഉത്തരവ് പ്രകാരം 3,00,000/-രൂപ (ഡി.ഡി.നം.623308/21.02.19) ഗ്രാമ പഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്. വാടക വരവിന് ആനുപാതികമായ സേവന നികുതി യഥാസമയം ഒടുക്കുവരുത്താത്തതിനാൽ പിഴപ്പലിശയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് വൻനഷ്ടം സംഭവിക്കാനിടയാകുന്ന സാഹചര്യം ഗൗരവമായി കാണുന്നു.നികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രനികുതി വകുപ്പുമായുള്ള നിയമപരവും മറ്റുമായ നടപടികൾ പൂർത്തിയാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### <u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

## 3-1 മരാമത്ത് പ്രവൃത്തികളിൽ മൂല്യ വർദ്ധിത നികുതി കുറവ് വരുത്തിയില്ല - അധികം നൽകിയത് 27691 രൂപ

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ Ind&PW-B2/266/2016-Fin dated 141216 നമ്പർ കത്ത് പ്രകാരവും ചീഫ് എഞ്ചിനീയറുടെ 29-12-16ലെ DB3/6512B/13/CE/LSGD നമ്പർ സർക്കുലർ പ്രകാരം ഗുണഭോക്തൃ സമിതികൾക്ക് ഓവർ ഹെഡ് ചാർജ് 7.5ശതമാനം ആയി നിജപ്പെടുത്തിയിട്ടുണ്ട്. നികുതികൾ അടവാക്കുന്നതിന് വേണ്ടിയുള്ള പ്രൊവിഷനാണ് ഓവർ ഹെഡ് ചാർജായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഡി.എസ്.ആർ. സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കിയിട്ടുള്ള ഈ പ്രൊജക്ടുകളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന പ്രവൃത്തികളുടെ യൂണിറ്റ് നിരക്കുകളിൽ 7.5ശതമാനം ഓവർ ഹെഡ് ഉൾപ്പെടുന്നുണ്ട്. താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി വഴിയാണ് നിർവ്വഹിച്ചിട്ടുള്ളത്. പ്രവൃത്തികളുടെ

ഫൈനൽ ബിൽ അനുവദിച്ചപ്പോൾ ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ മാത്രം കുറച്ചാണ് കൺവീനർക്ക് തുക അനുവദിച്ചത്. ഒരു പ്രവൃത്തിയിൽ ആദായ നികുതി കുറച്ചുമിട്ടില്ല. മൂല്യ വർദ്ധിത നികുതി, ആദായ നികുതി എന്നിവ കുറക്കാതെ തുക നൽകിയതിനാൽ പ്രവൃത്തികളിൽ 27691/-രൂപ കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്.

| പ്രവൃത്തി | മൂല്യ നിർണ്ണയം | ഈടാക്കേണ്ട മൂല്യ വർദ്ധിത നികുതി | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|---|
| പ്രൊജക്റ്റ് നം.174/19<br>പേര്-ജി.എൽ.പി.എസ്. കഴുത്തല്ലൂർ അറ്റകുറ്റപ്പണി<br>കൺവീനർ-ശോഭന<br>ബിൽ നം.41/30.10.18 -110037<br>10/25.5.18 -198353<br>കരാർ നമ്പർ 26(a)/19.12.17<br>എം.ബുക്ക് നം.50/17-18<br>TS-498000<br>Cost Index – 3619<br>(DSR 2016) | 308390 | 15420 | ഈടാക്കിയിട്ടുണ്ട് |
| പ്രൊജക്റ്റ് നം.16/19<br>പേര്: കരിമ്പനപീടിക അംഗനവാടി കോമ്പൗണ്ട് വാൾ നിർമ്മാണം<br>ബിൽ നം.-79/21.2.19 – 23242<br>69/21.2.19 -90256<br>68/21.2.19 -64276<br>കരാർ നം.53/17.3.18<br>എം.ബുക്ക് നം.48/17-18<br>TS-195000<br>കൺവീനർ-അദ്ദുള്ളക്കുട്ടി | 177774 | 8889 | ഈടാക്കിയിട്ടുണ്ട് |
| പൂങ്കര ചെമ്പിക്കൽ പാത്ത് വേ നവീകരണം<br>പ്രൊജക്റ്റ് നം.224/19<br>കൺവീനർ മമ്മു.ടി.കെ.<br>ബിൽ നം. 44/15-11-18 -48351<br>കരാർ നം.54/17.3.18<br>എം.ബുക്ക് നം.49/17-18<br>TS-49000<br>Cost Index – 37.25<br>(DSR 2016) | 48351 | 2418 | 964 |
| | 26727 | | 964 |

പ്രവൃത്തികളിൽ കൺവീനർമാർക്ക് അധികം നൽകിയ തുക -27691(26727+964)

ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.10/16-12-2019). തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 27691/-രൂപ പ്രവൃത്തിയുടെ പേമെന്റ് അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-2 ഫൈനൽ ബിൽ ക്രമ പ്രകാരം തയ്യാറാക്കിയില്ല അപാകത കാരണം കരാറുകാർക്ക് അധിക തുക നൽകി – നഷ്ടം 19033 രൂപ

താഴെ പറയുന്ന പ്രവൃത്തികളിൽ ഫൈനൽ ബിൽ ക്രമപ്രകാരം തയ്യാറാക്കാത്തതിനാലും, പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കാത്തതിനാലും കരാറുകാർക്ക് അധിക തുക നൽകിയിട്ടുണ്ട്.

1.<u>അത്താണിക്കൽ അംഗനവാടി കെട്ടിട നിർമ്മാണം</u>

പ്രോജക്റ്റ് നം - 220/19

എം. ബുക്ക് - 5/17-18, 5A/17-18

കരാർ - 48/2.2.18 (Estimate rate)

മൂല്യനിർണ്ണയം - 442957 (Own fund)

ചെക്ക് - 1698700/24.12.18

വൗച്ചർ - 74/7.11.18

കരാറുകാരൻ - റിജിൻ .എ

PAC-580102

TS- 6,00,000

2.2.18 ലെ AE/LSGD/KTPM/WO/48/17-18 നമ്പർ വർക്ക് ഓർഡർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 1.6.18 വരെയാണ്. വർക്ക് ഓർഡർ 2.2.2018 ന് കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ 25% വരെയുള്ള ദിവസത്തിന് കരാർ തുകയുടെ 1% നിരക്കിലും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്.

സൈറ്റ് കൈമാറിയത് - 2.2.18

പ്രവൃത്തി പൂർത്തീകരണ കാലാവധി- 4 മാസം (1.6.18 വരെ)

പ്രവൃത്തി പൂർത്തിയാക്കിയത് - 21.10.18

<u>ഈടാക്കേണ്ട പിഴ</u>

1.6.18 മുതൽ 30.6.18 വരെ - 5801 (1% of PAC)

1.7.18 മുതൽ 30.6.18 വരെ - 11602 (2% of PAC)

ആകെ - 17403

| കരാറുകാരന് അനുവദിച്ചത് | | കരാറുകാരന് അനുവദിക്കാവുന്നത് | |
|---|---|---|---|
| മൂല്യനിർണ്ണയം | 442957 | മൂല്യനിർണ്ണയം | 442957 |
| | | | |

| | | | |
|---|---|---|---|
| (-) പിഴ | 4430 | (-) പിഴ | 17403 |
| | 438527 | | |
| (-)GST (2%) | 8770 | (-)GST (2%) | 8770 |
| (-)IT | 4385 | (-)IT | 4385 |
| (-)KCWWF | 4385 | (-)KCWWF | 4385 |
| | 420987 | | 408014 |

അധികമായി കരാറുകാരന് അനുവദിച്ചത് - 12973 രൂപ

<u>2.TK.അഹമ്മദ് മെമ്മോറിയൽ റോഡ് ടാറിംഗ്</u>

പ്രോജക്റ്റ് നം - 216/19

എം. ബുക്ക് - 56/17-18

കരാർ - 5/4.11.17 (Estimate rate)

മൂല്യനിർണ്ണയം - 299981 (Own fund)

ചെക്ക് - 1698700/24.12.18

വൗച്ചർ - 71/71.1.19

കരാറുകാരൻ - P.മുഹമ്മദ് ബഷീർ

PAC-3,00,000

TS- 3,00,000

4.11.17 ലെ AE/LSGD/KTPM/WO/5/17-18 നമ്പർ വർക്ക് ഓർഡർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 3.2.18 വരെയാണ്. വർക്ക് ഓർഡർ 4.11.17 ന് കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ യഥാർത്ഥ മൂല്യനിർണ്ണയ തുക 299981 രൂപയാണ്. ട്രഷറിയിൽ നിന്നും ബിൽ പിൻവലിച്ചപ്പോൾ പിഴയിനത്തിലുള്ള തുക 3000 രൂപ കുറച്ചാണ് പിൻവലിച്ചിട്ടുള്ളത് (299981 -3000 = 296981). എന്നാൽ പിഴയിനത്തിൽ ഈടാക്കേണ്ട തുക മുഴുവനായും ഈടാക്കിയിട്ടില്ല.

സൈറ്റ് കൈമാറിയത് - 4.11.17

പ്രവൃത്തി പൂർത്തീകരണ കാലാവധി- 3 മാസം (3.2.18 വരെ)

പ്രവൃത്തി പൂർത്തിയാക്കിയത് - 10.4.18

<u>ഈടാക്കേണ്ട പിഴ</u>

4.2.18 മുതൽ 27.2.18 വരെ - 3000 (1% of PAC)

28.2.18 മുതൽ 22.3.18 വരെ - 6000 (2% of PAC)

ആകെ - 9000

| കരാറുകാരന് അനുവദിച്ചത് | | കരാറുകാരന് അനുവദിക്കാവുന്നത് | |
|---|---|---|---|
| മൂല്യനിർണ്ണയം | 299981 | മൂല്യനിർണ്ണയം | 299981 |
| (-) പിഴ | 3000 | (-) പിഴ | 9000 |

| | | | |
|---|---|---|---|
| | 296981 | | |
| (-)IT | 2970 | (-)IT | 3000 |
| (-)KCWWF | 2970 | (-)KCWWF | 3000 |
| | 291041 | | 284981 |

അധികമായി കരാറുകാരന് അനുവദിച്ചത് - 6060 രൂപ

കൂടാതെ കേന്ദ്ര സർക്കാറിന്റെ 14.9.18 ലെ 65/39/2018-DOR നം സർക്കുലർ പ്രകാരം മരാമത്ത് പ്രവൃത്തികളിൽ 1.10.2018 മുതൽ കരാറുകാർക്ക് അനുവദിക്കുന്ന 2.5 ലക്ഷത്തിൽ അധികരിക്കുന്ന പേമെന്റുകളിൽ നിന്നും 2%ജി.എസ്.ടി TDSഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തിയിൽ (ക്രമ നം. 2) പേമെന്റ് നടത്തിയിട്ടുള്ളത് 1.10.18 ന് ശേഷമാണെങ്കിലും 2% TDSഈടാക്കിയിട്ടില്ല.

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 13152 രൂപ. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (AUDIT ENQUIRY No.5 /16.12.19). തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 19033 രൂപ പ്രവൃത്തിയുടെ പേമെന്റ് അനുവദിച്ച അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-3 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 33802 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ 25% വരെയുള്ള ദിവസത്തിന് 1% നിരക്കിലും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ | റിമാർക്സ് |
|---|---|---|---|---|---|
| വിവിധ സ്കൂളുകളിൽ ഷീ ടോയ്ലറ്റ് നിർമ്മാണം (205/19)<br>ബിൽ നം. 37/30.10.18<br>തുക 724439<br>PAC-981362 | 15.3.18 | 14.7.18 വരെ<br>(4 മാസം) | 18.9.2018 | 29442<br>പിഴ ഈടാക്കിയത്-7244<br>കുറവ്-22198<br>(29442-7244)<br>(15.7.18 മുതൽ 14.8.18 വരെ 9814 | AE/LSGD/KTPM/WO/51/17-18 തി.15.3.18 വർക്ക് ഓർഡർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 14.7.18 വരെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വർക്ക് ഓർഡർ 15.3.18 ന് കാരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| അളവ് പുസ്തകം 3/18-19, 58/17-18<br>കരാറുകാരൻ -ഷാഹുൽ ഹമീദ്<br>കരാർ. 51/15.3.18<br>TS-1000000 | | | | 15.8.2018 മുതൽ 14.9.18 വരെ 19628 | |
| ചെല്ലൂർ GLPS ടോയ്ലറ്റ് നിർമ്മാണം (208/19)<br>ബിൽ നം. 88/5.3.19<br>തുക 76946<br>PAC-100000<br>അളവ് പുസ്തകം 6/18-19, 6/17-18<br>കരാറുകാരൻ -ഹനീഫ. ഒ<br>കരാർ. 22/22.11.17<br>TS-100000 | 22.11.17 | 22.2.18 വരെ<br>(3 മാസം) | 22.11.2018 | 3000<br>(23.2.18 മുതൽ 16.3.18 വരെ 1000<br>17.3.2018 മുതൽ 9.4.18 വരെ 2000 | AE/LSGD/KTPM/WO/21/17-18 തി.22.11.17 വർക്ക് ഓർഡർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 21.2.18 വരെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വർക്ക് ഓർഡർ 22.11.17 ന് കാരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്. |
| GLPS നടുവട്ടം അറ്റകുറ്റപണി (202/19)<br>ബിൽ നം. 65/22.1.19<br>തുക 278222<br>PAC-286779<br>അളവ് പുസ്തകം 46/17-18<br>കരാറുകാരൻ - അബ്ദുൽ | 26.12.17 | 25.3.18 വരെ<br>(3 മാസം) | 17.9.2018 | 8604<br>(26.3.18 മുതൽ 18.4.18 വരെ 2868<br>19.4.2018 മുതൽ 11.5.18 വരെ 5736 | AE/LSGD/KTPM/WO/33/17-18 തി.26.12.17 വർക്ക് ഓർഡർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 25.3.18 വരെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വർക്ക് ഓർഡർ 26.12.17 ന് കാരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| കരീം.PP<br><br>കരാർ. 33/26.12.17<br><br>TS-300000 | | | | | |
| ആകെ | | | | 33802 | |

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 33802 രൂപ. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (AUDIT ENQUIRY No.6 /16.12.19). തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 33802 രൂപ പ്രവൃത്തിയുടെ പേമെന്റ് അനുവദിച്ച അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-4 പട്ടികജാതി വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ - പദ്ധതി അപാകത- അധികം നൽകിയത് 97850 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പട്ടികജാതി വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ എന്ന പദ്ധതിപ്രകാരം 103 പട്ടികജാതി വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് | പ്രവൃത്തി | തുക | ബിൽ | സ്ഥാപനം |
|---|---|---|---|---|
| SO025/19 | പട്ടികജാതി വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ | 405717 | 144/21.12.18 (196950)<br><br>416/29.1.19 (208767) | Hi Look Furniture, Kuttipuram |

കട്ടിലിന് വേണ്ടി ടെണ്ടർ നോട്ടീസിൽ സ്പെസിഫിക്കേഷൻ കാണിച്ചത് താഴെ പറയും പ്രകാരമാണ്.

തടികൊണ്ടുള്ള കട്ടിൽ

നീളം 1.98 m , വീതി 90 cm, മുൻകാൽ നീളം 60 cm, പിൻകാൽ നീളം 50 cm, 8 mm Ply wood (body)

(മരത്തിന്റെ ഇനം വ്യക്തമാക്കണം)

ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങൾ

| | |
|---|---|
| M/S Mundikunnel Agency, Pattimattam | Anjili – 4100<br><br>Mahagony – 3790 (model 1)<br><br>Mahagony – 3190 (model 2)<br><br>Theng – 3150 |
| MH Agency, Pala | Mahagony – 3140<br><br>Mahagony – 3290 (ISI)<br><br>Mahagony – 3950 (3 year garauntee))<br><br>Mahagony – 3450 (ബോഡി മരപ്പലക അടിച്ചത്) |

| | |
|---|---|
| | Anjili - 4010 |
| ARTCO, Kozhikkode | Mahagoni – 3749 (ടെണ്ടർ നോട്ടീസ് സ്പെസിഫിക്കേഷൻ പ്രകാരമുള്ളത്) |
| HI Look Furniture, Kuttipuram | Mahagoni – 2989 (ടെണ്ടർ നോട്ടീസ് സ്പെസിഫിക്കേഷൻ പ്രകാരമുള്ളത്)<br>Mahagony – 3939 (ബോഡി മരപ്പലക അടിച്ചത്) |
| Monger Box Trade Pvt.Ltd, Eranakulam | Mahagoni – 3090 (ടെണ്ടർ നോട്ടീസ് സ്പെസിഫിക്കേഷൻ പ്രകാരമുള്ളത്)<br>Teak- 4500<br>Plavu – 4250<br>Anjili – 3180<br>Theng – 2900 |
| FIDCO, Kozhikode | Mahagoni – 3888 (ടെണ്ടർ നോട്ടീസ് സ്പെസിഫിക്കേഷൻ പ്രകാരമുള്ളത്)<br>Anjili – 4222 |
| Rajadhani Agency, Plakkad | Mahagoni – 3232 (ടെണ്ടർ നോട്ടീസ് സ്പെസിഫിക്കേഷൻ പ്രകാരമുള്ളത്)<br>Teak- 4127<br>Anjili – 3180 |
| Dream Home Furniture, Balussery | Mahagoni – 3448 (ടെണ്ടർ നോട്ടീസ് സ്പെസിഫിക്കേഷൻ പ്രകാരമുള്ളത്)<br>Anjili – 3548 |

കട്ടിലിന് വേണ്ടി ടെണ്ടർ നോട്ടീസിൽ സ്പെസിഫിക്കേഷൻ കാണിച്ചത് പ്രകാരമുള്ള കട്ടിൽ വാങ്ങുന്നതിനു പകരം Mahagony കൊണ്ടുള്ള 3939 രൂപയുടെ (ബോഡി മരപ്പലക അടിച്ചത്) വില കൂടിയ കട്ടിലാണ് വാങ്ങിയിട്ടുള്ളത്. ടെണ്ടർ നോട്ടീസ് സ്പെസിഫിക്കേഷനിൽ കാണിച്ചത് പ്രകാരമുള്ള കട്ടിൽ FIDCO, Kozhikode, Rajadhani Agency, Plakkad, Dream Home Furniture, Balussery, HI Look Furniture, Kuttipuram, Monger Box Trade Pvt.Ltd, Eranakulam എന്നീ സ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കെ ഇവയിലെ കുറവുള്ള നിരക്ക് അംഗീകരിക്കാതെ കൂടിയതും ടെണ്ടർ നോട്ടീസ് പ്രാകാരമല്ലാത്തതുമായ നിരക്ക് അംഗീകരിച്ചതിന് കാരണം വ്യക്തമാല്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ ഈ പർച്ചേസിംഗ് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല ( Page 1 to 9). ടെണ്ടർ കണ്ടീഷൻ വ്യതിചലിച്ചു കൊണ്ടാണ് പർച്ചേസിംഗ് നടത്തിയിട്ടുള്ളത്. അതുകൊണ്ട് തന്നെ ടെണ്ടർ നടപടികളിൽ പാളിച്ച വന്നു.

ടെണ്ടർ നോട്ടീസ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ കുറവ് കാണിച്ചത് 2989 രൂപയാണ് (HI Look Furniture, Kuttipuram). ഈ നിരക്ക് പ്രകാരം കട്ടിലിന് അനുവദിക്കാവുന്ന തുക

2989 x 103 = 307867

അനുവദിച്ചത് - 405717

അധികം - 97850

ബോഡി മരപ്പലക അടിച്ച കട്ടിലിന് MH Agency, Pala എന്ന സ്ഥാപനം 3450 രൂപയാണ് കാണിച്ചിട്ടുള്ളത് . ഇതേ കട്ടിൽ 3939 രൂപയുടെ നിരക്ക് സമർപ്പിച്ച HI Look Furniture, Kuttipuram എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ടെണ്ടർ നോട്ടീസിൽ പറയാത്ത ഇനമായതുകൊണ്ട് ഈ നിരക്ക് പരിഗണിക്കേണ്ട് ആവശ്യമില്ല.

CGST Act 2017 Section 31 പ്രകാരം Tax Invoice (Bill) ൽ SGST,CGST എന്നിവ പ്രത്യേകം കാണിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള Online Bill, HI Look Furniture, Kuttipuram എന്ന സ്ഥാപനം സമർപ്പിച്ചിട്ടില്ല. മാനുവൽ ആയി എഴുതി തയ്യാറാക്കിയ ബിൽ ആണ് സമർപ്പിച്ചിട്ടുള്ളത്.

HI Look Furniture, Kuttipuram എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതും അംഗീകരിച്ച ഭരണ സമിതി തീരുമാനം ഹാജരാക്കേണ്ടതുമാണ് എന്നറിയിച്ച 16/18.12.19 നമ്പർ ആയി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഭരണ സമിതി തീരുമാനം ലഭ്യമാക്കി. ഇതു പ്രകാരം കട്ടിലിന്റെ ഗുണമേന്മ പരിഗണിച്ച് HI Look Furniture, Kuttipuram എന്ന സ്ഥാപനത്തിൽ നിന്നും 17.10.2018 ലെ 2(1) നമ്പർ ഭരണസമിതി തീരുമാനപ്രകാരം വാങ്ങാൻ തീരുമാനിച്ചതായി കണ്ടു. കൂടാതെ കട്ടിലിന്റെ സാമ്പിൾ ലഭ്യമായതിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗങ്ങളും പ്രാദേശികമായി തടി ഫർണ്ണിച്ചർ ഉണ്ടാക്കുന്ന ഒരു വ്യക്തിയും ഉൾപ്പടെ സാമ്പിൾ പരിശോധിക്കുകയും പ്ലൈവുഡ് പെട്ടന്ന് ചീത്തയാകാനുള്ള സാധ്യത കണക്കിലെടുത്ത് മരപ്പലക കൊണ്ടുള്ള കട്ടിൽ വാങ്ങാൻ തീരുമാനിക്കുകയും ഇക്കാര്യം പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും മറുപടി ലഭ്യമാക്കി. ക്ഷമതയുള്ള അന്വേഷണ ഉദ്യോഗസ്ഥൻ (Forest Dept) ഗുണമേൻമ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണം എന്നിരിക്കെ പ്രാദേശികമായി തടി ഫർണ്ണിച്ചർ ഉണ്ടാക്കുന്ന വ്യക്തി ഗുണമേൽമ പരിശോധിച്ചു എന്ന മറുപടി അംഗീകരിക്കുന്നില്ല. മാത്രമല്ല വാങ്ങൽ നടപടി ക്രമങ്ങളുടെ ഭാഗമായി ടെണ്ടർ നോട്ടീസ് നൽകുന്നതിനു മുമ്പ് തന്നെ ഏത് തരത്തിലുള്ള കട്ടിലാണ് വാങ്ങേണ്ടത് എന്ന് തീരുമാനിക്കണം. ഇപ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്ലൈവുഡ് കൊണ്ടുള്ള കട്ടിൽ സെലക്ട് ചെയ്ത് ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തിയത്. അതുകൊണ്ട് തന്നെ ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിലുകളുടെ സാമ്പിൾ ലഭ്യമാക്കി അതിൽ നിന്നും ഒന്ന് സെലക്ട് ചെയ്ത് അംഗീകരിക്കേണ്ടതായിരുന്നു. ഇതിന് തടസ്സം എന്തെങ്കിലും ഉണ്ടെങ്കിൽ ടെണ്ടർ നോട്ടീസിൽ മാറ്റം വരുത്തി റീ ടെണ്ടർ ചെയ്യേണ്ടതായിരുന്നു. ടെണ്ടർ നോട്ടീസിൽ ഉൾപ്പെടാത്ത ഇനം (മരപ്പലക കൊണ്ടുള്ള കട്ടിൽ) സാമ്പിൾ ലഭ്യമാക്കി പരിശോധിച്ചതായി എവിടെയും പറയുന്നില്ല.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ക്രമപ്രകാരമുള്ള ഗുണമേന്മ പരിശോധന നടത്താതെയും ടെണ്ടർ നടപടി ക്രമങ്ങളിൽ നിന്നും വ്യതിചലിച്ചുകൊണ്ടും ഉയർന്ന നിരക്കിലുള്ള കട്ടിൽ വാങ്ങിച്ചതിനാൽ ഗ്രാമ പഞ്ചായത്തിന് 97850 രൂപയുടെ നഷ്ടം ഉണ്ടായി. 97850/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഇൗടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 08.08.19 മുതൽ 14.08.19 വരെ | കെ.എസ്.എ.എം.പി.എം.13/1184/19 തിയതി.22.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ബ്ലോക്ക് പഞ്ചായത്ത് | ലഭിച്ച തുക | | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | മുൻ വർഷം | തൻ വർഷം | | | |
| | 100000 | 0 | പരിരക്ഷ | 0 | 100000 |

| | | | | | |
|---|---|---|---|---|---|
| | 100000 | 0 | പാലിയേറ്റീവ് കെയർ | 0 | 100000 |
| | 300000 | 0 | വേസ്റ്റ് ട്രീറ്റ്മെന്റ് | 217000 | 83000 |
| | 0 | 400000 | പ്രോ.നം-26/18-19 പാലിയേറ്റീവ് കെയർ | 364600 | 35400 |
| | 0 | 1758800 | പ്രോ.നം-150/18-19 ലൈഫ് മിഷൻ | 1758800 | 0 |
| | 0 | 24000 | അങ്കൻവാടി ടോയിലറ്റ് | 0 | 24000 |
| | 0 | 250000 | പ്രോ.നം-163/18-19 കുറ്റിപ്പുറം ടൗൺ ഡ്രൈനേജ് | 217000 | 33000 |
| | 0 | 127000 | പ്രോ.നം-17/18-19 പാരത്തൊടി ഡ്രൈനേജ് | 0 | 127000 |
| | 0 | 528000 | പ്രോ.നം-31/18-19 | 528000 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 1115690 | പ്രോ.നം-150/18-19 ലൈഫ് മിഷൻ | 1115690 | 0 |
| | 0 | 300000 | പ്രോ.നം-40/18-19 | 250000 | 50000 |
| ആകെ | | | | | |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നംമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE KURDFC | | 7383680 | 0 | 0 | 0 | 7383680 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 55000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 55000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55000 |
| | |

| ആകെ | 55000 |
|---|---|

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99 | 44 | 2004-05 | കളിസ്ഥലം- കൺവീനർക്ക് നൽകിയ അഡ്വാൻസ് | നടപടികൾ തുടരുന്നു |
| 1998-99 | 48 | 2004-05 | കുടിവെള്ള പദ്ധതികൾ നിക്ഷേപം | നടപടികൾ തുടരുന്നു |
| 2010-11 | 3(3) | 2014-15 | മണൽ വാരൽ അവലോകനം | നടപടികൾ തുടരുന്നു |
| 2011-12 2012-13 | | 2014-15 | കർഷക തൊഴിലാളി പെൻഷൻ അവലോകനം | |
| 2014-15 | 2(1),2(2),2(3) 2(4),2(5),2(6) | 2016-17 | തൊഴിൽ നികുതി | |
| 2016-17 | 3(4) | 2017-18 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല | |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ് / സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1. | 1996-97 | 43,47,48 എ, ബി, 49 | പി.കുഞ്ഞി മുഹമ്മദ്, സെക്രട്ടറി | 14.12.2001 LF9737/Sp.Cell. SC3/2000 | 9583 | 0 | 9583 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |
| 2. | 1998- | 30(1), 30(4) | കെ.കുഞ്ഞി | 19.09.2008, 23.09.2008 | 6817 | 0 | 6817 | തുടർനടപടി |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 99 | | മുഹമ്മദ്, സെക്രട്ടറി | | | | | സ്വീകരി ച്ചിട്ടില്ല |
| 3. | 2000-01 | 7-1 | തങ്ക സ്വാമി | LF2139/1, 391/ SPL. CELL SC5/ 2006 ,22.5.2009/ 28.5.2009 | 11731 | 0 | 11731 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 4. | 1996-97 | 53,58,63 | പി.കുഞ്ഞി മുഹമ്മദ്, സെക്രട്ടറി | LF973/spl.cell SC3/00 14.12.2001 | 16118 | 0 | 16118 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 5. | 1996-97 | 50,52,54,56-1, ,56-2, 57,59,60,61,62 | കെ ശ്രീധരൻ | LF9737/Sp.Cell. SC3/2000 14.12.2001 | 6783 | 0 | 6783 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 6. | 1998-99 | 35,36 | പി,ഗംഗാദാസ് | LF15317/spl.cell/sc5/05 , 19.9.2008, 23.09.2000 | 5549 | 0 | 5549 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 7. | 2000-01 | 18 | തങ്ക സ്വാമി | LF2139/1, 391/ SPL. CELL SC5/ 2006, 22.5.2009/ 28.5.2009 | 1028 | 0 | 1028 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 8 | 2006-07 | 3-1 | വി.കെ.മോഹന കൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, dated 18.09.14 | 35516 | 0 | 35516 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 9 | 2006-07 | 3-10 | വി.കെ.മോഹന കൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, dated 18.09.14 | 4855 | 0 | 4855 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 10 | 2006-07 | 2-9 | വി.കെ.മോഹന കൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, dated 18.09.14 | 5000 | 0 | 5000 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 11 | 2006-07 | 2-14 | വി.കെ.മോഹന കൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, dated 18.09.14 | 4536 | 0 | 4536 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 12 | 2006-07 | 3-8 | വി.കെ.മോഹന കൃഷ്ണൻ സെക്രട്ടറി | LF1047/ SPL. CELL SC.D1/ 12, dated 18.09.14 | 4773 | 0 | 4773 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 13 | 2008-09 | 3-3 | സി.വി. കൃഷ്ണകുമാർ , സെക്രട്ടറി | LF2643/1,391/ SPL. CELL SD1/ 1231.10.2014 | 23723 | 0 | 23723 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |
| 14 | 2008-09 | 3-3 | സി.വി. കൃഷ്ണകുമാർ , സെക്രട്ടറി | LF2643/1, 391/ SPL. CELL SD1/12, 3.9.15 | 118945 | 0 | 118945 | തുടർനടപടി സ്വീകരി ച്ചിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 123485988 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 106026149 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 178376 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 377937 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

<u>ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം</u>

| ഖണ്ഡിക നമ്പർ | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 27691 | ശ്രീമതി.മുനീറ ബീവി.എസ്, അസി.എഞ്ചിനീയർ |
| 3-2 | | 19033 | ശ്രീമതി.മുനീറ ബീവി.എസ്, അസി.എഞ്ചിനീയർ |
| 3-3 | | 33802 | ശ്രീമതി.മുനീറ ബീവി.എസ്, അസി.എഞ്ചിനീയർ |
| 3-4 | | 97850 | ശ്രീ.എൻ.നന്ദനൻ, അസിസ്റ്റന്റ് സെക്രട്ടറി |
| | | 178376 | |

<u>സി) ഓഡിറ്റ് തടസ്സപെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 49300 | ശ്രീമതി.മുഹസിന എം.കെ., കൃഷി ഓഫീസർ |
| 1-27 | 103500 | ഡോ.ജലജ.എം.പി., വെറ്ററിനറി സർജൻ |
| 1-28 | 210000 | ഡോ.ജലജ.എം.പി.,വെറ്ററിനറി സർജൻ |
| 1-29 | 15137 | ഡോ. നിഷ.കെ.,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 377937 | |

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഏഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.മുനീറ ബീവി.എസ്, അസി.എഞ്ചിനീയർ | | സംസം മഹൽ, വള്ളിക്കീഴുനഗർ, കാവനാട് പി.ഒ., കൊല്ലം,പിൻ-691003 |
| ശ്രീ.എൻ.നന്ദനൻ, അസിസ്റ്റന്റ് സെക്രട്ടറി | | എരിക്കൽ കിഴക്കേതിൽ ഹൗസ്, ഈശ്വര സൗത്ത്, ചെട്ടികുളങ്ങര പി.ഒ., മനേലിക്കര, ആലപ്പുഴ-690106 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1968-69 | എൽ.എഫ്.എം 7/1461/94/ 27-9-94 | 1 |
| 1969-70 | എൽ.എഫ്.എം 7/1462/94/ 27-9-94 | 2 |
| 1970-71 | എൽ.എഫ്.എം 7/1463/94/ 27-9-94 | 1 |
| 1971-72 | എൽ.എഫ്.എം 7/1464/94/ 27-9-94 | 3 |
| 1979-80 | എൽ.എഫ്.എം 7/1465/94/ 27-09-94 | 4 |
| 1980-81 | എൽ.എഫ്.എം 7/1466/94/ 27-09-94 | 5 |
| 1981-82 | എൽ.എഫ്.എം 7/1467/94/ 27-09-94 | 12 |
| 1982-83 | എൽ . എഫ് എം 7/1830/28-09-94 | 11 |
| 1983-84 | എൽ . എഫ് എം 7/1831/28-09-94 | 9 |
| 1984-85 | എൽ . എഫ് എം 7/1832/28-09-94 | 14 |
| 1985-86 | എൽ . എഫ് എം 7/1833/28-09-94 | 12 |
| 1986- | എൽ . എഫ് എം 7/1834/28-09-94 | 29 |

| | | |
|---|---|---|
| 87 | | |
| 1987-88<br>1988-89 | എൽ . എഫ് എം 7/1835/28-09-94 | 13 |
| 1989-90<br>1990-91 | എൽ . എഫ് എം 7/1307/94/<br>05-8-2004 | 17 |
| 1991-92 | എൽ . എഫ് എം 13/93/08-07-1993 | 14 |
| 1992-93 | എൽ . എഫ് എം 5/722/94/28-9-94 | 39 |
| 1993-94 | | |
| 1994-95 | | |
| 1995-96 | | |
| 1996-97 | എൽ എഫ് എം 11/(13) 708/98/<br>29-03-2000 | 18 |
| 1999-00 | എൽ എഫ് എം 12/1477/03/15-5-04 | 33 |
| 2000-01 | എൽ എഫ് എം 12/1478/03/15-5-04 | 33 |
| 2001-02 | എൽ എഫ് എം 12/1479/03/17-5-04 | 10 |
| 2002-03<br>ചെലവ് | എൽ . എഫ് എം 9/1319/06/ 08.01.2007 | 24 |
| 2002-03<br>വരവ് | എൽ . എഫ് എം 9/2153/07/ 30.01.12 | 9 |
| 2003-04<br>ചെലവ് | എൽ . എഫ് എം 9/2154/07/ 30.01.12 | 7 |
| 2004-05<br>ചെലവ് | എൽ . എഫ് എം 7/1320/918/7/ 30.01.12 | 22 |
| 2004-05 | എൽ . എഫ് എം 9/2155/07/22.05.08 | 23 |
| 2005-06 | എൽ . എഫ് എം 9/779/10/28.07.10 | 7 |
| | | |

| | | |
|---|---|---|
| 2006-07 | എൽ . എഫ് എം 9/780/10/31.01.12 | 10 |
| 2007-08 | എൽ . എഫ് എം 7/13/1224/2012/2012/16-7-12 | 22 |
| 2008-09 | എൽ . എഫ് എം 13/1225/2012/24-7-12 | 27 |
| 2009-10 | എൽ.എഫ്.എം.13/2441/12/22-1-18 | 18 |
| 2010-11 | എൽ.എഫ്.എം13/1767/2013/24-03-14 | 17 |
| 2011-12<br>2012-13 | എൽ . എഫ് എം 13/2042/2014<br>04.11.18 | 25 |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.13/1404/16/28.6.17 | 37 |
| 2015-16 | കെ.എസ്.എ.എം.പി.എം.13/3276/16/18.4.18 | 30 |
| 2016-17 | കെ.എസ്.എ.എം.പി.എം.13/2002/2017 / 18.7.2018 | 24 |
| 2017-18 | കെ.എസ്.എ.എം.പി.എം.13/2610/2018 / 10.12.2018 | 34 |

ഡെപ്യൂട്ടി ഡയറക്ടർ

# Annexure-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.13/1184/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in


തിയ്യതി: 22-08-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 31.3.2019ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധ നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

## Annexure-2 Audited Abstract

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്